ഈ വർഷം സെപ്റ്റംബറായിട്ടും ആണോ എന്താണെന്നും പറയാത്തതുകൊണ്ട് സ്പെഷ്യലാഫീസർ പൈസ വിതരണം ചെയ്യാതെ വച്ചിരിക്കുകയാണ്. സ്പെഷ്യലാഫീസർ അതിനുവേണ്ടി ക്ലാരിഫിക്കേഷൻ ചോദിച്ചിട്ട് മറുപടി കിട്ടിയില്ല. ആ കാശ് എത്രയും വേഗം കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, തൃശ്ശൂർ കോൾ നിലങ്ങളിൽ പമ്പിംഗ് സബ്സിഡി ഇനത്തിൽ 1983-84-ൽ 24 ലക്ഷം രൂപയും 1984-85-ൽ 43 ലക്ഷം രൂപയും 1984-85-ലെ രണ്ടാം വിളയ്ക്ക് നൽകേണ്ടിയിരുന്ന 7 ലക്ഷം രൂപയും കൂടി മൊത്തം 76 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ടായിരുന്നു. ഇതിൽ 1983-84-ലെ കുടിശ്ശികയിനത്തിൽ 19 ലക്ഷം രൂപയും 1984-85-ലെ കണക്കിൽ 3 ലക്ഷം രൂപയും വിതരണം ചെയ്തു കഴിഞ്ഞു. ഇനി വിതരണം ചെയ്യാൻ ബാക്കിയുള്ളത് 1983-84ലേക്ക് 7 ലക്ഷം രൂപയും 1984-85-ലേക്ക് രണ്ടാം വിള ഉൾപ്പെടെ 47 ലക്ഷം രൂപയും അങ്ങനെ മൊത്തം 54 ലക്ഷം രൂപയാണ്. സ്ഥലം പരിശോധിക്കുന്നതിനും അപേക്ഷയിൻമേലുള്ള ന്യൂനത പരിഹരിച്ചുകിട്ടുന്നതിനുംവേണ്ടി അൽപ്പം കാലതാമസം നേരിട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പമ്പിംഗ് സബ്സിഡി ഇനത്തിൽ 153 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഇതിൽ 39 ലക്ഷം രൂപ തൃശ്ശൂർ പുഞ്ച സ്പെഷ്യലാഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ആയത് 1984-85 വരെയുള്ള കുടിശ്ശിക മുഴുവനും വിതരണം ചെയ്യുന്നതിന് പര്യാപ്തമല്ല. ഇതിലേക്ക് മാത്രം 37 ലക്ഷം രൂപ വേണ്ടിവരും. ബാക്കിയുള്ള തുക വിതരണം ചെയ്യുന്നതിനുവേണ്ട സത്വരനടപടികൾ എടുത്തുവരികയാണ്.

(9) ചിറ്റൂർ-കച്ചേരിപ്പടി-ചേരാനല്ലൂർ റോഡ്

ശ്രീ. കെ.ജി.ആർ. കർത്താ: തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് ചിറ്റൂർ-കച്ചേരിപ്പടി-ചേരാനല്ലൂർ റോഡ്. വളരെക്കാലമായി ആ റോഡ് മെയിൻറനൻസ് നടത്തുന്നില്ല. പണ്ടേ ദുർബ്ബലമായ ആ റോഡ് മഴക്കാലം വന്നപ്പോൾ വളരെയധികം കേടായി. ഏതാണ്ട് അമ്പതിൽപ്പരം ബസ്സുകൾ ഓടുന്ന റോഡാണ്. പല പ്രാവശ്യവും നിവേദനങ്ങൾ സമർപ്പിച്ചിട്ടും ആ റോഡ് നന്നാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല. ആ റോഡ് closed for ever എന്ന് ആക്കുക അല്ലെങ്കിൽ ആ റോഡ് എത്രയുംവേഗം നന്നാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചിറ്റൂർ-കച്ചേരിപ്പടി-ചേരാനല്ലൂർ റോഡ് കഴിഞ്ഞ മഴക്കാലത്ത് വളരെയധികം കേട് വന്നിട്ടുണ്ട്. അതിൻറെ അറ്റകുറ്റപ്പണികൾ തീർത്തുകഴിഞ്ഞിട്ടുണ്ട്. മഴ തീർന്നുകഴിഞ്ഞാൽ ഉടൻതന്നെ ടാർ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) കാസർകോഡ്കർണ്ണാടക സംസ്ഥാനത്തോട് ചേർക്കണമെന്ന നിവേദനം

ശ്രീ. എ.സി. ഷൺമുഖദാസ്: കാസർകോഡ് താലൂക്ക് കർണ്ണാടക സംസ്ഥാനത്തിൽ ചേർക്കണമെന്നുള്ള ആവശ്യം നമ്മെ സംബന്ധിച്ചിടത്തോളം കെട്ടടങ്ങിയ ഒരു കാര്യമായിരുന്നു. എന്നാൽ ഇന്നലെ പി.ടി.ഐ.

LIBRARY ARCHIVES Kerala Legislative Assembly

അടിച്ച റിപ്പോർട്ടു പ്രകാരം സൗത്ത് കാനറയിലെ പതിനെട്ട് എം.എൽ.എ. മാർ പ്രധാനമന്ത്രി രാജീവ് ഗാന്ധിയെ കണ്ട് ചന്ദ്രഗിരി—പയേശ്വനി തുടങ്ങിയ നദിയുടെ അപ്പുറത്തുള്ള വടക്കൻ പ്രദേശം കർണ്ണാടകത്തിൽ ലയിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചതായി കാണുന്നു. ഇന്ദിരാ കോൺഗ്രസ്സിന്റെ ആ പ്രദേശത്തെ ഏറ്റവും പ്രമുഖ നേതാക്കളായ ശ്രീമതി മനോരമ മാധവരാജ്, ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ആദന്തയ്യ ഇവരുടെ നേതൃത്വത്തിലാണ് പ്രധാനമന്ത്രി രാജീവ് ഗാന്ധിക്ക് ഈ നിവേദനം കൊടുത്തിട്ടുള്ളത്. സ്വാഭാവികമായും കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ എം.എൽ.എ. മാർ അതും അറിയപ്പെടുന്ന പ്രമുഖരായ എം.എൽ.എ. മാർ ഉത്തരവാദിത്വത്തോടുകൂടി ഇത്തരത്തിലുള്ള ഒരു നിവേദനം കൊടുക്കണമെങ്കിൽ കർണ്ണാടകത്തിലേക്ക് കാസർകോഡിനെ കൊണ്ടുപോകാനുള്ള എന്തോ ഗൂഢശ്രമം അറിഞ്ഞു കൊണ്ടുതന്നെ നടത്തുന്നുവെന്ന് സാമാന്യമായി ധരിക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കണം. കാസർകോഡ് പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങളിൽ നമ്മളും താൽപ്പര്യമെടുക്കുകയും കാസർകോഡ് പ്രദേശം ഒരു കാരണവശാലും വിട്ടുകൊടുക്കാൻ കഴിയുകയില്ലെന്ന നിലപാട് എടുക്കുകയും ചെയ്തതിനുശേഷം ദക്ഷിണ കർണ്ണാടകത്തിലെ കോൺഗ്രസ്സ് (ഐ) നേതാക്കൻമാർ ഭാഷാവികാരവും പ്രാദേശിക വികാരവും ഇളക്കിക്കൊണ്ട് പ്രശ്നം ഉണ്ടാക്കാൻ ശ്രമിക്കുന്നത് കേന്ദ്ര നേതൃത്വത്തിന്റെ അറിവോടുകൂടിയുള്ള ഗുരുതരമായ പ്രശ്നമാണ്. അത് ഗുരുതരമായി സംസ്ഥാന ഗവൺമെന്റ് കണക്കിലെടുക്കുകയും ആ പ്രശ്നം ഒരു കാരണവശാലും രണ്ടാമത് തുറക്കാൻ സാദ്ധ്യമല്ലെന്ന നിലപാട് എടുക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇതിൽ വലിയ ഉൽക്കണ്ഠയ്ക്കു അവകാശമുണ്ടെന്നു കരുതുന്നില്ല. മലബാറിൽ ഒരു ചൊല്ലുണ്ട്. അതായത് ''അറയ്ക്കലെ ബീവിയെ കെട്ടാൻ പകുതി സമ്മതം'' എന്ന്. അതുപോലെയാണ് ഇത്. കർണ്ണാടകത്തിലെ എം.എൽ.എ. മാർ . ആവശ്യപ്പെട്ടാലും ശരി അടുത്തകാലത്തുപോലും പ്രധാനമന്ത്രിയുമായി ഞാൻ ഈ കാര്യം സംസാരിക്കാൻ ഇടയായിട്ടുണ്ട്. സംസാരിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് വിശദീകരിക്കേണ്ട കാര്യമില്ല. കർണ്ണാടകത്തെക്കുറിച്ചുള്ള കാര്യങ്ങൾ സംസാരിച്ച കൂട്ടത്തിലാണ് സംസാരിച്ചത്. ഏതായാലും ശരി ഇത് റീ—ഓപ്പൺ ചെയ്യുന്ന പ്രശ്നമില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഞാൻ മുമ്പ് പ്രസ്താവിച്ചിട്ടുള്ളത് ആവർത്തിക്കുകയാണ്. ഒരു മീറ്റർ മണ്ണ് പോലും മറ്റ് സംസ്ഥാനത്തിലേക്ക് പോകുന്ന പ്രശ്നമില്ല.

IV. റിപ്പോർട്ട് സമർപ്പണം

(1) നാലാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1985—ലെ കേരള അവശ്യ സാധന നിയന്ത്രണ ബിൽ.

Minister for Industries (**Shri E. Ahammed**): Sir, I present the report of the Subject Committee on the Kerala Essential Articles Control Bill, 1985 together with the Bill as reported by the Subject Committee.

LIBRARY ARCHIVES Kerala Legislative Assembly